## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3132

18.06.2019-ൽ മറുപടിയ്ക്ക്

## മൺസൂൺ ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് മൺസൂൺ ട്രോളിംഗ് നിരോധനം എന്നുമുതലാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ വർഷം മുതൽ ജൂൺ 10 മുതൽ ജൂലൈ 31 വരെ ആകെ 52 ദിവസമാണ് സംസ്ഥാനത്ത് മൺസൂൺ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | നിരോധനസമയത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കായി എന്തൊക്കെ ആശ്വാസ നടപടികളാണ് സ്വീകരിക്കുന്നത്; | (ബി) | ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ചുവടെ പറയുന്ന ആശ്വാസ സഹായങ്ങൾ നൽകുന്നു.<br>1. സമ്പാദ്യസമാശ്വാസ പദ്ധതി പ്രകാരം 4500/- രൂപ വിതരണം ചെയ്യുന്നു.<br>2. തണൽ പദ്ധതി പ്രകാരം വർഷം 1350/- രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നുണ്ട്.<br>3. ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്. |
| (സി) | കഴിഞ്ഞ വർഷം നിരോധനം ലംഘിച്ച് കടലിൽ പോയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; അവരിൽ നിന്നും എന്ത് പിഴ ഈടാക്കി; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് കഴിഞ്ഞ ട്രോൾബാൻ കാലയളവിൽ നിയമലംഘനം നടത്തിയതായോ പിഴ ഈടാക്കിയതായോ റിപ്പോർട്ട് ചെയ്യിട്ടില്ല. |

സെക്ഷൻ ഓഫീസർ